ശ്രീ. വി. എസ്. സുനിൽകുമാർ : സർ, കെ. എസ്. ആർ. ടി. സി. യിലെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ലിസ്റ്റിൽനിന്നും പോസ്റ്റ് ചെയ്യപ്പെട്ട അൺ അഡ്വൈസ്ഡ് ആയിട്ടുള്ള ആളുകളുണ്ട്. കാലങ്ങളായിട്ട് ജോലി ചെയ്തു കൊണ്ടിരിക്കുന്ന ആളുകളാണ്. ഏകദേശം 930 ഓളം ജീവനക്കാരുണ്ട്. ഈ ജീവനക്കാരെ സ്ഥിരപ്പെടുത്തുക എന്നത് വളരെ ന്യായമായ ഒരു ആവശ്യമാണ്. ഈ ആവശ്യം അങ്ങയുടെ മുമ്പാകെ ഉന്നയിക്കപ്പെട്ടിരുന്നുവെങ്കിലും അത് പരിഹരിക്കുന്നതിന് വേണ്ടി നടപടി സ്വീകരിക്കുമോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, അത് സംബന്ധിച്ച നടപടികൾ ആലോചിച്ച് ചെയ്യുന്നതാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ഈ ഗവൺമെന്റ് വരുന്ന കാല ഘട്ടത്തിൽ തീരദേശപ്രദേശമായ നാട്ടികയിൽ നിന്ന് നിരവധി ബസ്സുകൾ എറണാകുളത്തേയ്ക്കും തൃശ്ശൂരിലേക്കും മറ്റും ഉണ്ടായിരുന്നുവെങ്കിലും എല്ലാം നിർത്തലാക്കിയിരിക്കുകയാണ്. അങ്ങ് പുതിയ ആയിരം ബസ്സുകൾ വാങ്ങുന്നതായി പത്രങ്ങളിൽകൂടി വായിക്കാനിടയായി. തീരദേശ മേഖലയിൽ തൃശ്ശൂർ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പോകാനുള്ള സാധാരണക്കാരുടെ യാത്രാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി നാട്ടികയ്ക്ക് പ്രത്യേക പരിഗണന നൽകുമോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, അതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കലാഭിരുചിയുള്ള കുട്ടികളെ സഹായിക്കുന്ന പദ്ധതി

3 (*543) ശ്രീ. എം. എം. മോനായി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാഭിരുചിയുള്ള സ്ക്കൂൾ കുട്ടികളെ സഹായിക്കുന്നതിനും പ്രോത്സാഹിക്കുന്നതിനുമായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ചെലവ് കൂടുതലുള്ള ഇനങ്ങൾ യുവജനോത്സവത്തിൽ അവതരിപ്പിക്കുന്നതിന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സഹായം നൽകുമോ ;

(സി) ജില്ലാതലത്തിൽ സഹായത്തിന് അർഹരായ കലാകാരന്മാരെ കണ്ടെത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

(ഡി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കലാവാസനയുള്ള കുട്ടികൾക്ക് പരിശീലനത്തിനായി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ,

(എ) ഉണ്ട്. സ്കൂൾ കലോത്സവങ്ങൾ കലാരുചിയുള്ള കുട്ടികളെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉള്ള സമഗ്രമായ പരിപാടിയാണ്. സ്ക്കൂൾതലത്തിലും ഉപജില്ലാതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മത്സരങ്ങൾ സംഘടിപ്പിച്ച് കഴിവ് തെളിയിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും അംഗീകരിക്കുന്നുണ്ട്.

(ബി) രക്ഷകർത്താവിന്റെ വാർഷിക വരുമാനം 75,000 രൂപയിൽ കുറവുള്ള കുട്ടികൾക്ക് യുവജനോത്സവത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി പതിനായിരം രൂപ സാമ്പത്തിക സഹായം നൽകിവരുന്നു. ഉപജില്ലാ തലത്തിൽ നൃത്ത ഇനങ്ങളിൽ മത്സരിച്ച് വിജയികളാകുന്ന കുട്ടികളിൽനിന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായ കുട്ടികൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനും ജില്ലാ മത്സരങ്ങളിലും സംസ്ഥാന സ്കൂൾ കലോത്സവത്തിലും പങ്കെടുക്കുന്നതിനുവേണ്ടി 10,000 രൂപ സഹായം നൽകുന്നുണ്ട്.

(സി) ഇപ്പോൾത്തന്നെ നിലവിലുണ്ട്.

(ഡി) ചിത്രകല,സംഗീതം, മുതലായ വിഷയത്തിൽ വിദ്യാർത്ഥികൾക്ക് പൊതുവായി പരിശീലനം ലഭിക്കാനുള്ള സൗകര്യം ഇപ്പോൾ നിലവിലുണ്ട്.

ശ്രീ. എം. എം. മോനായി : സർ, മതവും മത്സരവും സ്വാർത്ഥതയും ഉള്ളിടത്ത് കലയില്ല. കലാദേവതയുടെ ഇരിപ്പിടം അതിനെല്ലാം അപ്പുറമാണ്. പക്ഷേ, നമ്മുടെ കലാമത്സരങ്ങൾ മതത്തിന്റെയും പണക്കൊഴുപ്പിന്റെയും ഇളകിയാട്ടമാണ്. വേദിയിൽ കനകച്ചിലങ്ക കിലുങ്ങി കിലുങ്ങി എന്നാണ് കവി പാടിയതെങ്കിൽ ഇന്ന് കനകത്തിന്റെ കുലുക്കമാണ്. വിധികർത്താക്കളുടെ വളവും വിധിയുടെ പിഴവും തീർക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ഒരു മഹത്തായ ലക്ഷ്യം മുന്നിൽ വച്ചുകൊണ്ട് നടത്തുന്നതാണ് കലോത്സവങ്ങൾ. അതിന് രൂപം നൽകിയിട്ടുള്ളത് 2005-ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെയും 2007-ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെയും അടിസ്ഥാനത്തിലാണ്. അതിന്റെ അടിസ്ഥാനമെന്ന് പറയുന്നത് കുട്ടികളുടെ ദൈക്ഷണികവും കലാപരവും കായികവുമായ കഴിവുകളുടെ സർവ്വതല സ്പർശിയായ വളർച്ചയാണ് ഉദ്ദേശിക്കുന്നത്. അവിടെയാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ചോദ്യത്തിന്റെ പ്രസക്തി. അവിടെ പണക്കൊഴുപ്പും അനാരോഗ്യകരമായ മത്സരങ്ങളും നടക്കുന്നുണ്ട്. അതിന് ഒരു പരിഹാരം ഉണ്ടാകേണ്ടതായിട്ടുണ്ട്. അതുകൂടി വച്ചുകൊണ്ടാണ് 2008-ൽ ഈ കലോത്സവത്തിന്റെ മാന്വൽ പരിഷ്ക്കരിച്ച് സാമ്പത്തിക ശേഷി ഇല്ലാത്തവരെ തിരിച്ചറിഞ്ഞ് അവരെ പ്രത്യേകം സഹായിച്ചുകൊണ്ട് പ്രോത്സാഹിപ്പിക്കുന്നത്.

ശ്രീ. എം. എം. മോനായി : സർ, ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി, വോക്കേഷണൽ ഹയർ സെക്കന്ററി തലങ്ങളിലെ കലാമത്സരങ്ങൾ ഏകോപിപ്പിച്ചത് വളരെ നന്നായി. അങ്ങനെ ഏകോപിപ്പിച്ചതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. ഇത് ഇപ്പോൾ വരുത്തിയ ഒരു പരിഷ്ക്കാരമാണ്. ഹൈസ്ക്കൂൾ-ഹയർ സെക്കന്ററി -വോക്കേഷണൽ ഹയർ സെക്കന്ററി എന്നീ തലങ്ങളിൽ വേവ്വേറെ കലാമത്സരങ്ങളാണ് നടത്തീയിരുന്നത്, അത് വളരെ പ്രയാസമായിരുന്നു. ഇതിനെയെല്ലാം സംയോജിപ്പിച്ചുകൊണ്ട് വരുത്തിയ പരിഷ്ക്കാരം സ്വാഗതാർഹമായ കാര്യമാണ്. അതിന്റെ നേട്ടമാണ് അദ്ദേഹം ചോദിച്ചത്. അതിന്റെ ഫലമായിട്ട്,കേരളത്തിന്റെ കലാസാംസ്ക്കാരിക ഉത്സവമായിട്ട്, പൂർണ്ണ ഉത്സവമായിട്ട്, സമഗ്രമായ കലാസ്വാദനത്തിന്റെ വേദിയായിട്ട് ഇത് മാറിയിട്ടുണ്ട്. വെവ്വേറെ നടത്തുമ്പോൾ ഉണ്ടായിരുന്ന പഠന ദിനങ്ങളുടെ നഷ്ടം വലിയ തോതിൽ ഒഴിവായിട്ടുണ്ട്. കലോത്സവങ്ങൾ വെവ്വേറെ നടത്തുമ്പോൾ ചുമതല നിർവ്വഹിക്കുന്നതിന് ഉദ്യോഗസ്ഥന്മാരുടെ എണ്ണം കുറയ്ക്കാനും അതുവഴി ഭരണതലത്തിൽ മാറ്റങ്ങൾ വരുത്താനും കഴിഞ്ഞിട്ടുണ്ട്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, ഏകദേശം 35 വർഷങ്ങൾക്കു മുമ്പോൾ പ്രശസ്ത പാശ്ചാത്യ സംഗീത ബ്രാൻഡായ പിൻഫ്ളോയുടെ ഒരു ആൽബം ഇറക്കി. അത് ' ദ വാൾ ' എന്നാണ് പറയുന്നത്. നമ്മുടെ കുട്ടികളുടെ ബുദ്ധിയേയും അവരുടെ വികാരങ്ങളേയും കൺട്രോൾ ചെയ്ത് അവരെ ഇഷ്ടികകളാക്കി മാറ്റുന്ന ഒരു ഫാക്ടറിയായിട്ടാണ് നമ്മുടെ സ്കൂളുകളൊക്കെ ചെയ്യുന്നതെന്നാണ് അതിനകത്ത് സ്കൂളിനെക്കുറിച്ച് ചിത്രീകരിച്ചിരിക്കുന്നത്. ഇതിന്റെ പ്രധാന ഉത്തരവാദിത്വം നമ്മുടെ അപ്പനമ്മമാർക്കും സ്കൂളുകൾക്കുമൊക്കെയാണ്. എങ്ങനെ കുട്ടികളെ എ. ടി. എം. കാർഡുകളായി മാറ്റാമെന്നാണ് നമ്മുടെ അപ്പനമ്മമാരുടെ ചിന്ത. ഈ സമൂഹത്തിന്റെ അടിസ്ഥാന ചിന്തയിൽ മാറ്റം വരുത്താൻ വേണ്ടി സർക്കാർ എന്തെങ്കിലും ചെയ്യുമോ ?

ശ്രീ. എം. വിജയകുമാർ : സർ, സാമൂഹ്യ മനഃസാക്ഷി എന്നുപറയുന്നത്, പ്രത്യേകിച്ച് രക്ഷകർത്താക്കളുടെ മനഃസാക്ഷി ഉണർന്ന് പ്രവർത്തിക്കണം. കുട്ടികളെ ഉപകരണങ്ങളായിട്ടാണ് ഇന്ന് രക്ഷകർത്താക്കൾ കാണുന്നത്. ഫ്രിഡ്ജിൽ സാധനങ്ങൾ വച്ചിട്ട് എടുക്കുന്നതുപോലെ കുട്ടികളെ രാവിലെ വീട്ടിൽനിന്ന് എടുക്കുക, ട്യൂഷന് വിടുക, അവിടെനിന്ന് എടുക്കുക, സ്കൂളിൽ വിടുക, അവിടെനിന്ന് എടുക്കുക, ട്യൂഷന് വിടുക. ഫ്രിഡ്ജിൽ സാധനങ്ങൾ വയ്ക്കുന്നതുപോലെ ബ്രോയിലർ ചിക്കൻ എന്ന് പറയുന്നതുപോലെ ബ്രോയിലർ ചിൽഡ്രൻ സാംസ്ക്കാരമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. അതിന് മാറ്റം വരുത്തണം. കുട്ടികളുടെ സർഗാത്മകമായിട്ടുള്ള കഴിവുകളെ വളർത്തിയെടുക്കാൻ വേണ്ടിയാണ് കലോൽസവം.

ശ്രീ. സി. എം. ദിനേശ് മണി : സർ, ഭൂതകാല ബോധമുള്ള ഒരു സമൂഹത്തിനുമാത്രമേ ഭാവി കുറ്റമറ്റതും സമ്പന്നമാക്കാനും കഴിയുകയുള്ളൂ. നാടൻ കലകൾ നമ്മുടെ പൈതൃകമാണ്. ജീവിതസന്ദേശം നൽകുന്നവയാണ്. ഇന്നത്തെ സിനിമാറ്റിക് ഡാൻസ് പോലെയുള്ള കലകൾ എന്നുപറഞ്ഞാൽ പേക്കൂത്തുകളാണ്. നാടൻ കലകളെ പ്രോത്സാഹിപ്പിക്കാനും പരിപോഷിപ്പിക്കാനും ഫോക് ലോർ അക്കാഡമിയുമായി സഹകരിച്ചുകൊണ്ട് വിദ്യാഭ്യാസ വകുപ്പ് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, അത് ഒരു പ്രത്യേക ചോദ്യമാണ്. അത് പരിശോധിച്ച് അതിലെ ഗുണാംശങ്ങൾ കണ്ടെത്തി അതിനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, നമ്മുടെ കലോത്സവങ്ങൾ ലോക പ്രസിദ്ധമാണ്. പക്ഷേ, സ്കൂളുകളിൽ വളരെ പാവപ്പെട്ട കലാ മൽസരങ്ങളിൽ പങ്കെടുക്കാൻ സാധിക്കാത്ത സങ്കടകരമായ അവസ്ഥയുണ്ട്. നമ്മുടെ സ്കൂളുകളിൽ സയൻസ് വിഷയങ്ങൾക്ക് ലാബോറട്ടറിയുണ്ട്. അതു പോലെ മിക്കവാറും സ്കൂളുകളിൽ സ്പോർട്സിന് ആവശ്യമായ പ്രത്യേക സ്പോർട്സ് റൂമുമുണ്ട്. എന്നാൽ കലാമത്സരങ്ങൾ പരിശീലിക്കുന്നതിന് ഇത്തരം വിഷയങ്ങൾക്കായി ഒരു റൂം ഇല്ല. അധ്യാപകർ ഇല്ല. പരിശീലകൂർ ഇല്ല. ഒരു പ്രത്യേക പദ്ധതിയുണ്ടാക്കിക്കൊണ്ട് കലാമൽസരങ്ങളിൽ ശാസ്ത്രീയമായ കലകൾ പാവപ്പെട്ട കുട്ടികളെയടക്കം അഭ്യസിപ്പിക്കാൻ കഴിയുന്ന രീതിയിൽ മാന്വൽ പരിഷ്ക്കരിച്ചുകൊണ്ട് ഒരു പ്രത്യേക റൂമും പരിശീലന സൗകര്യവും പാവപ്പെട്ട കുട്ടികൾക്കടക്കം സ്കൂളുകളിൽ ലഭ്യമാക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, 2009-2010-ൽ മാന്വൽ തന്നെ ഭേദഗതി ചെയ്തത് ഇതിന്റെ ഭാഗമായിട്ടാണ്. കൂടാതെ വാർഷിക വരുമാനം 75,000 രൂപയ്ക്ക് താഴെയുള്ള രക്ഷിതാക്കളുടെ കുട്ടികൾക്ക് പ്രത്യേക സാമ്പത്തിക സഹായം ലഭിക്കുന്ന സ്കോളർഷിപ്പ് തുക 10,000 രൂപയായി ഉയർത്തിയിട്ടുമുണ്ട്. ആ രൂപത്തിൽ നോക്കുമ്പോൾ ഈ കഴിഞ്ഞ വർഷം 20 ലക്ഷംരൂപ വരെ സർക്കാർ ഇതിനുവേണ്ടി പ്രത്യേകം ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. എ. പി. അനിൽകുമാർ : സർ, ഇന്ന് കംപ്യൂട്ടർ, ഇന്റർനെറ്റ് അത്തരം തലങ്ങൾ വന്നതോടുകൂടി പാഠ്യപദ്ധതിയുലുണ്ടായ മാറ്റങ്ങൾ നമുക്ക് എല്ലാ വർക്കും അറിയാം. കഴിഞ്ഞ കാലത്തെ പോലെയല്ല, യന്ത്രങ്ങളുടെ ലോകത്താണ് കുട്ടികൾ വളരുന്നത്. കുറച്ച് കഴിയുമ്പോൾ യന്ത്രങ്ങളുടെ സ്വഭാവമായി കുട്ടികൾ മാറുന്ന സാഹചര്യമുണ്ട്. കുട്ടികളുടെ സർഗാത്മകത സ്വാഭാവികമായും കുറഞ്ഞു വരികയാണ്. മുമ്പ് നമുക്കറിയാം, പാട്ട് ടീച്ചറുണ്ട്. ഡാൻസ് ടീച്ചറുണ്ട്. ഇത്തരം പോസ്റ്റുകളൊന്നും ഇന്ന് നിലവിലില്ല, സ്വാഭാവികമായും ഇന്നത്തെ അവസ്ഥയിൽ കുട്ടികളുടെ സർഗാത്മകതയെ വളർത്തുന്നതിന് ആവശ്യമായ നടപടികൾ വേണം. എനിക്ക് ഒരു സജഷനുണ്ട്. ഇന്ന് വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് വിക്ടേഴ്സ് ചാനലുണ്ട്. ചാനലിൽ വിജ്ഞാനപ്രദമായ ഒട്ടനവധി കാര്യങ്ങൾ വരുന്നുണ്ട്. അത്തരം ചാനലുകളിൽ ഇത്തരത്തിലുള്ള നമ്മുടെ കുട്ടി കൾക്ക് അവരുടെ കലാപരമായ കഴിവുകൾ തെളിയിക്കുന്നതിനുള്ള കൂടുതൽ അവസരങ്ങൾ നൽകാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ ?

ശ്രീ. എം. വിജയകുമാർ : സർ, അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. കുട്ടി കളെ യന്ത്രങ്ങളെപ്പോലെയാണ് കാണുന്നത്. യാന്ത്രികമായ വിദ്യാഭ്യാസമാണ്. അതിനുവേണ്ടി വിദ്യാഭ്യാസത്തെ സർഗാത്മക വിദ്യാഭ്യാസമാക്കി മാറ്റുക എന്നതാണ് ലക്ഷ്യം. അതിനുവേണ്ടിയാണ് കലോത്സവം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ചന്ദ്രൻ : സർ, സ്കൂൾ കലോത്സവങ്ങൾ പലപ്പോഴും രക്ഷിതാക്കളുടെ സാമ്പത്തിക ശേഷി അവതരിപ്പിക്കാനുള്ള ഒരു വേദിയായി അധഃപതിച്ചു കൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത് പ്രധാനമായും നൃത്ത ഐറ്റങ്ങളൊക്കെ പഠിപ്പിക്കാനുള്ള സൗകര്യം ഒരു സ്കൂളിലും ഇപ്പോൾ ഇല്ല. അതിലാണ് അവിടെ മത്സരം നടക്കുന്നത്. സാമ്പത്തികശേഷിയുള്ള രക്ഷിതാക്കളുടെ മക്കൾക്ക് മാത്രമേ നൃത്ത സംഗീത ഐറ്റങ്ങളിൽ മത്സരത്തിന് പങ്കെടുക്കാൻ കഴിയുന്നുള്ളൂ. സർഗ്ഗവാസനയുള്ള പാവപ്പെട്ട കുട്ടികളെക്കൂടി അതിന്റെ ഭാഗമാക്കി മാറ്റുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, സ്കൂൾ കലോത്സവങ്ങളെക്കുറിച്ചുള്ള ഏറ്റവും വലിയ വിമർശനമാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. നേരത്തേയുണ്ടായിരുന്ന വിമർശനമാണിത്. കലാപരമായ കഴിവല്ല പ്രത്യേകിച്ചും അനാരോഗ്യകരമായ പണക്കൊഴുപ്പ് അവിടെ പ്രധാനപ്പെട്ട സംഗതിയാണ്. അതുകൊണ്ട് അതിനൊരു പരിഹാരം എന്നുള്ള നിലയിലാണ് സർക്കാർ 2007-08 വർഷം ഇത് പരിശോധിച്ച് ഓരോ രംഗത്തേയും വിദഗ്ധൻമാരുമായി അതായത് വിദ്യാഭ്യാസ രംഗത്തുള്ളവരും സാമൂഹ്യ പ്രവർത്തകരും മാധ്യമ പ്രവർത്തകരും എന്നിവരുടെയെല്ലാം ഉപദേശ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടുള്ളതാണ് ഇപ്പോഴത്തെ മാന്വൽ.

പ്രൊഫ. എൻ. ജയരാജ് : സർ, തോമസ് ഗ്രേയുടെ വളരെ പ്രശസ്തമായ 'Eligy'-യിൽ അദ്ദേഹം പറയുന്നുണ്ട്. ഏറ്റവും മനോഹരങ്ങളായ പൂക്കൾ ആരും അറിയാതെ വനാന്തരങ്ങളിൽ കൊഴിഞ്ഞ് പോകുന്നു. ഏറ്റവും അമൂല്യങ്ങളായ രത്നങ്ങൾ സമുദ്രത്തിന്റെ അന്തർഭാഗങ്ങളിൽ കിടക്കുന്നു. നമ്മുടെ സമൂഹത്തിനിടയിലും അതുപോലെയുള്ള അമൂല്യങ്ങളായ രത്നങ്ങൾ പലപ്പോഴും തിരിച്ചറിയപ്പെടാതെ കിടക്കുന്നുണ്ട്. അവരെ കണ്ടെത്തുക എന്നുള്ളതാണ് യുവജനോത്സവ വേദികളുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ (ഡി) ചോദ്യത്തിന് ഉത്തരമായി അദ്ദേഹം പറഞ്ഞത്, ചിത്രകല, സംഗീതം തുടങ്ങിയ കലാപരിപാടികൾക്ക് വേണ്ടിയുള്ള പ്രത്യേക സംവിധാനം നിലവിൽ സ്കൂളിലുണ്ട് എന്നുള്ളതാണ്. സത്യത്തിൽ സ്കൂളുകളിൽ ഇല്ല. ഇവിടെ വിദ്യാരംഗം പോലെയുള്ള പരിപാടികൾക്ക് സാഹിത്യ പ്രവർത്തന രംഗവുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിലും ആ കാര്യത്തിൽ കലാപരമായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തുന്നതിനുവേണ്ടി ഒരു അധ്യാപകനെ പ്രത്യേകമായി ചാർജ് കൊടുത്തെങ്കിൽ മാത്രമേ പാവപ്പെട്ട കുട്ടികളെ സംബന്ധിച്ചിടത്തോളം അവരെ കണ്ടെത്തി അവർക്ക് പരിശീലനം കൊടുക്കാൻ കഴിയുകയുള്ളൂ. അതിനുള്ള മുൻകൈ ഗവൺമെന്റ് എടുക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, അങ്ങ് പറഞ്ഞ വിധത്തിലുള്ള കാര്യങ്ങളാണ് ഇപ്പോൾ നടക്കുന്നത്. നേരത്തെ ഈ അവസരങ്ങൾ കുറവായിരുന്നു. വെറും സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിലായിരുന്നു കാര്യങ്ങൾ നടന്നിരുന്നത്. എന്നാൽ കലാഭിരുചിയുള്ള പാവപ്പെട്ട കുട്ടികളെ കണ്ടെത്തി

അവരെ പ്രോത്സാഹിപ്പിക്കുന്നതും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവർക്ക് മത്സരങ്ങളിൽ പങ്കെടുക്കാൻ വേണ്ടി 10,000 രൂപ വരെയുള്ള സ്കോളർഷിപ്പുകൾ നൽകി വരുകയും ചെയ്യുന്നുണ്ട്. ആ കാര്യം പ്രത്യേകം പരിശോധിക്കാം.

ശ്രീമതി ഇ. എസ്. ബിജി മോൾ : സർ, കലാഭിരുചിയുടെ മറവിൽ ചാനലുകൾ തമ്മിൽ മഹായുദ്ധം നടക്കുകയാണ്. സംഗീത യുദ്ധം, നൃത്ത യുദ്ധം, കോമഡി യുദ്ധം എന്നൊക്കെ അവർത്തന്നെ അതിന് പേരിട്ടിരിക്കുന്നു. അങ്ങനെ പല യുദ്ധങ്ങൾ ചാനലുകൾ തമ്മിൽ സംഘടിപ്പിച്ച് കൊണ്ടിരിക്കുകയാണ്. ഇതിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഉണ്ടാകുന്ന സമ്മർദ്ദങ്ങൾ വളരെ വലുതാണ്. പലപ്പോഴും കുട്ടികൾ ചൂഷണത്തിന് വിധേയമാകുന്ന സാഹചര്യങ്ങളുമുണ്ട്. ഇത് പരിഗണിക്കുന്നതിനും ഈ കാര്യങ്ങളിൽ ഒരു നിയന്ത്രണമുണ്ടാക്കുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ചാനലുകളിലുള്ള യുദ്ധം നമ്മുക്കറിയാം. കലോത്സവത്തിൽ യുദ്ധമില്ല. അതിന് മാറ്റം വന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, നല്ല കലാകാരന്മാരെ വർഗീയതയുടെ വിഷബീജങ്ങളോ തീവ്രവാദത്തിന്റെ വൈകാരികതയോ സ്വാധീനിക്കുന്നില്ല എന്നാണ് തെളിയിക്കപ്പെട്ടിട്ടുള്ളത്. കേരളത്തിൽ നല്ല കലാകാരന്മാരും സാഹിത്യകാരന്മാരും ഉണ്ടാകണം. അങ്ങനെ ഉണ്ടാകണമെങ്കിൽ 14 വയസ്സിന് മുമ്പായി ഒരു കുട്ടിയുടെ 47 ശതമാനം പ്രതിഭാശേഷി കഴിയുമെന്നാണ് എല്ലാ വിദ്യാഭ്യാസ വിചക്ഷണന്മാരും കണ്ടെത്തുന്നത്. 14 വയസ്സിന് മുമ്പായി ആവശ്യമായ പരിശീലനം നൽകാൻ സാധിക്കുന്ന സാഹചര്യമുണ്ടാകണം. പക്ഷേ, നമ്മുടെ പ്രൈമറി സ്കൂളുകളിൽ കുട്ടികളുടെ പ്രതിഭാശേഷിയെ കണ്ടെത്താനുള്ള വലിയ പരിശ്രമങ്ങളൊന്നും നടക്കുന്നില്ല. അതുകൊണ്ട് ലോവർ പ്രൈമറി തലത്തിൽ അത് കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, എന്തെങ്കിലും ഒരു പ്രത്യേക കഴിവില്ലാത്ത ഒരു കുഞ്ഞും ഭൂമുഖത്ത് ജനിക്കുന്നില്ല. എന്നാൽ ആ പ്രത്യേക കഴിവുകളെ കണ്ടെത്താൻ നമ്മുടെ വിദ്യാഭ്യാസത്തിന് കഴിയുന്നില്ല. വിദ്യാഭ്യാസം യാന്ത്രികമായി പോകുന്നു. അവിടെയാണ് ഇതിന്റെ പ്രസക്തി എന്നുപറയുന്നത്. കുട്ടികളുടെ നൈസർഗികമായ കഴിവുകളെ കണ്ടെത്തി വളർത്തി എടുക്കാനുള്ള പ്രതിഭാസത്തെ വിദ്യാഭ്യാസത്തിൽ Human Resource Development എന്നാണ് പറയുന്നത്. ആ കാഴ്ചപ്പാട് വച്ചുകൊണ്ടാണ് പാഠ്യപദ്ധതിയുടെ ചട്ടക്കൂട് തയ്യാറാക്കിയിട്ടുള്ളതും കലോത്സവങ്ങൾ നടത്തുന്നതും ഒക്കെ.

ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ

4 (*544) ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിൽ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി യാഡുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ആലപ്പുഴ യാഡിൽ ബോട്ടുകൾ കരയ്ക്ക് കയറ്റുന്നതിന് യന്ത്രവൽകൃത സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly